# പെസഹാവ്യാഴം

**2023 ഏപ്രിൽ 6**

## വചനസന്ദേശം

**ഫാ. ജിയോ മാടപ്പാടൻ**

### ഭൂമിയോളം കുനിയുക

''ചെറിയ മനുഷ്യൻ തന്നെ. പക്ഷേ, എന്തൊരു ചെറിയ മനുഷ്യൻ.'' 'നോ പ്രോബ്ളം – ഒരു ബഹ്റൈൻ എപ്പിസോഡ്' എന്ന ടി. പത്മനാഭന്റെ ചെറുകഥയിൽ വിശ്വം എന്ന ഗൾഫ് മലയാളിയെ കഥാകൃത്ത് വിശേഷിപ്പിക്കുന്നതാണിത്. ഏവർക്കും ഉപകാരിയായ വിശ്വം ഒരിക്കലും മുമ്പിലേക്ക് വരില്ല. അയാൾ എപ്പോഴും പറയും, ഞാൻ ചെറിയ മനുഷ്യനാണ്. ആ മനുഷ്യനെ നോക്കി എല്ലാവരും അത്ഭുതപ്പെടുകയാണ്, 'എന്തൊരു' ചെറിയ മനുഷ്യൻ. ലോകം മുഴുവൻ ഇന്ന് ഒരു ഗുരുവിനെ നോക്കി അത്ഭുതപ്പെടുകയാണ്, 'എന്തൊരു' ഗുരുവാണിത്. കാലുകഴുകുന്ന ഗുരുവോ! 'ബുദ്ധന്റെ ആകാശം' എന്ന തന്റെ കവിതയിൽ ആലങ്കോട് ലീലാകൃഷ്ണൻ ആകാശത്തിലൂടെ പറക്കുന്ന പക്ഷികളെ നോക്കി പാടുന്നുണ്ട്, ''ഒരു വഴിപാടുമില്ലാത്ത യാത്രയാണവനു മുന്നിലും പിന്നിലും ശൂന്യത അറിയുകയാണ് ഞാൻ.'' ഓരോ പക്ഷിയും പറക്കുന്നത് സ്വന്തം വഴിയിലൂടെയാണ്. മുന്നേ പറന്നുപോയവന്റെ വഴിത്താര ഒന്നും ആകാശത്ത് കിട്ടില്ല. തന്റെ മുന്നേ പോയവരോ പിന്നാലെ വന്നവരോ നടക്കാത്ത ഒരു പുതിയ പാതയിലൂടെ തന്റെ ഗുരുസ്ഥാനം വരച്ചിട്ട് കടന്നുപോയ ഒരു മഹാനായ ഗുരു – ഈശോ. അവൻ നടത്തിയ സമാനതകളില്ലാത്ത ഒരു പ്രവൃത്തിയുടെ – കാലുകഴുകലിന്റെ അനുസ്മരണം ഇന്ന് നാം ആചരിക്കുകയാണ്.

വി. യോഹന്നാൻ സുവിശേഷകൻ സ്ഥാപന വചനങ്ങൾക്ക് പകരം ഗുരുവിന്റെ കാലുകഴുകൽ വിവരിക്കുമ്പോൾ, നമ്മോട് പറയുകയാണ്, 'ഭൂമിയോളം കുനിയുന്നതിന് ബലി എന്നർത്ഥമുണ്ട്' എന്ന്. തന്റെ ശിഷ്യരുടെ പാദങ്ങൾ കഴുകിയിട്ട് ആ ഗുരു പറയുകയാണ്, നിങ്ങളിത് ചെയ്യുവിൻ. അനുദിന ജീവിത വ്യാപാരങ്ങൾക്കിടയിൽ എന്റെ പ്രിയപ്പെട്ടവരുടെ മുമ്പിൽ ഞാൻ നടത്തുന്ന കുനിയലുകളെല്ലാം ബലിയാണ് എന്ന് നമുക്ക് ഓർക്കാം.

സഹോദരൻ ജോസഫിന്റെ സ്വപ്നത്തിലാണെങ്കിൽ പോലും, തങ്ങളുടെ കറ്റകൾ അനിയന്റെ കറ്റകളെ താണുവണങ്ങിയല്ലോ എന്നോർത്ത് രോഷം കൊള്ളുന്ന സഹോദരങ്ങളുടെ ചരിത്രം ഉണ്ട് ഉല്പത്തിപുസ്തകത്തിൽ (37). ഇവരുടെ അപ്പൻ യാക്കോബ് തന്റെ സഹോദരൻ ഏസാവിനെ പതിറ്റാണ്ടുകൾക്കു ശേഷം കണ്ടുമുട്ടുമ്പോൾ ഉണ്ടാകുന്ന രംഗവും ഇതേ പുസ്തകം വിവരിക്കുന്നുണ്ട് (33). ഏഴു തവണയാണ് സഹോദരന് മുമ്പിൽ യാക്കോബ് താണു വണങ്ങുന്നത്. വലിയ സംഘർഷം പ്രതീക്ഷിക്കുന്ന ആ രംഗം ദൈവദൂതന്മാരുള്ള സ്വർഗംപോലെ ആയിത്തീരുന്നതും നാം കാണുന്നുണ്ട്. യാക്കോബ് അർപ്പിച്ച ഏറ്റവും ശ്രേഷ്ഠമായ ബലി അതായിരിക്കും!

'ജീവിതം ഒരു പെൻഡുലം' എന്ന ആത്മകഥയിൽ ഏറ്റവും മുതിർന്ന സഹോദരനുമായിട്ടുള്ള വഴക്ക് പരിഹരിക്കാൻ മറ്റു സഹോദരങ്ങളുടെ ഒപ്പം പോകുന്ന രംഗം ശ്രീകുമാരൻ തമ്പി വിവരിക്കുന്നുണ്ട്. ചേട്ടന്റെ അടുത്തുചെന്ന് അവർ പറയുന്നു: 'ക്ഷമിക്കണം. ഞങ്ങൾ അനിയന്മാരാണ്. ഞങ്ങൾ തോൽക്കാൻ വന്നിരിക്കുകയാണ്.'

കുസൃതികാട്ടിയ മകന്റെ അടുത്തുനിന്ന് ടീച്ചറുടെ ശകാരം തലകുമ്പിട്ടു നിന്നു കേൾക്കുന്ന പാവം അപ്പനും ഒരു ബലിയർപ്പകനാണ്. അതിരൂപതയുടെ ഫാമിലി അപ്പസ്തോലേറ്റ് പ്രസിദ്ധീകരിക്കുന്ന 'അനുയാത്ര' എന്ന മാഗസിനിൽ ജീവിതം പറഞ്ഞ നിർമ്മിതികൾ പങ്കുവയ്ക്കുകയാണ്. 'ഞങ്ങൾ പിണങ്ങാറുണ്ട്. പക്ഷേ, ആരുടെ മനസ്സിലാണോ പിണക്കം പരിഹരിക്കണം എന്ന് ആദ്യം തോന്നുന്നത്. അവൻ / അവൾ അതിന് മുൻകൈ എടുക്കുന്നു. കാരണം ദൈവമാണ് അത് തോന്നിപ്പിക്കുന്നത്?' തെറ്റും ശരിയും തൂക്കിനോക്കി, ന്യായ അന്യായങ്ങളെ അളന്നു നോക്കിയാൽ ചിലപ്പോൾ ന്യായത്തിന്റെ തട്ട് താണ് നിൽക്കുന്നവനായിരിക്കും അനുരഞ്ജനത്തിന് മുൻകൈ എടുക്കേണ്ടി വരുക. ന്യായം എന്റെ ഭാഗത്തായിട്ടും എളിമയോടെ അത് വിട്ട്, ഭൂമിയോളം താണ് പങ്കാളിയുടെ അടുത്ത് ചെല്ലുന്നവൻ ബലിയർപ്പകൻ ആണ്. വളരുന്ന കാലത്ത് സഹോദരങ്ങൾക്ക് ഇടയിൽ തിരിച്ചു വ്യത്യാസം കാണിച്ചും അവഗണിച്ചും അപ്പൻ തന്നെ മാറ്റി നിർത്തിയിട്ടും, അതേ അപ്പനെ വാർദ്ധക്യകാലത്ത് മറ്റ് സഹോദര

ങ്ങളൊന്നും നോക്കാൻ തയ്യാറാകാതെ വന്നപ്പോഴും, ഒരു പരാതിയും കാണിക്കാതെ, പ്രതികാരമില്ലാതെ അപ്പനെ ശുശ്രൂഷിക്കാൻ തയ്യാറായി കടന്നുവന്ന മകനാണ് ബലിയർപ്പകൻ.
'ഭൂമിയോളം കുനിയുന്നത്' ബലിയാണ് എന്ന് ഓർമ്മിപ്പിക്കുന്ന ഈ ദിവസം, ഗുരുവിന്റെ കാല്പാടുകളെ പിൻതുടരാൻ യോഗ്യരാക്കണമേ എന്ന് പ്രാർത്ഥിക്കാം. ഉയർത്തിപ്പിടിച്ച എന്റെ ശിരസ്സിനെ സ്നേഹ ത്തിന്റെ പേരിൽ, ഗുരുവിനെപ്രതി താഴ്ത്താൻ പഠിപ്പിക്കണമേ എന്നു പ്രാർത്ഥിക്കാം. എ